**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5170** **21-03-2025 - ൽ മറുപടിയ്ക്ക്**

**ജൈവ കൃഷി വ്യാപകമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യധാന്യങ്ങളിലെ അമിത കീടനാശിനി പ്രയോഗം മൂലം കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ വ്യാപകമാവുന്ന സാഹചര്യത്തിൽ സംസ്ഥാനം ജൈവ കൃഷിയിലേയ്ക്ക് മാറുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭക്ഷ്യധാന്യങ്ങളിലെ അമിത കീടനാശിനി പ്രയോഗം മൂലം ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ വ്യാപകമാവുന്ന സാഹചര്യത്തിൽ സംസ്ഥാനം സാദ്ധ്യമായ പ്രദേശങ്ങളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേരളത്തിലെ കർഷകരിലും പൊതുജനങ്ങളിലും ജൈവ കാർഷിക ഉല്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം, എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകളിലൂടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനും ജൈവകാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്തു കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുവാനാണ് മിഷന്റെ പ്രവർത്തനങ്ങൾ മുഖേന ലക്ഷ്യമിടുന്നത്.<br><br>ജൈവ ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിൽ അനുവർത്തിക്കേണ്ട ഗുണമേന്മകളെക്കുറിച്ച് കർഷകരെ ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തങ്ങൾ, ജൈവ ഉല്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുവാനുള്ള വിപണി ഇടപെടലുകൾ, ജൈവ ഉല്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ |

ലഭ്യമാക്കുവാനുള്ള നടപടികളിൽ പിന്തുണ, ഉല്പന്നങ്ങളുടെ കയറ്റുമതിക്കുള്ള പിന്തുണ തുടങ്ങിയവ ജൈവ കാർഷിക മിഷന്റെ നടത്തിപ്പിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

ജൈവ കാർഷിക മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ല, ബ്ലോക്ക്, ഗ്രാമ/നഗര മുൻസിപ്പാലിറ്റി, കൃഷിഭവൻ തല കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങളും, പരിശീലനങ്ങളും നടത്തി വരുന്നു. കൂടാതെ ജൈവ കാർഷിക മിഷനെ പോഷകസമൃദ്ധി മിഷനുമായും, കൃഷിക്കൂട്ടങ്ങളുമായും സംയോജിപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നീ പദ്ധതികളെ സംയോജിപ്പിച്ച് കൊണ്ട് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM) മായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ മിത്ര ജീവികളുടെ ഇനോക്കുലവും അവ വളർത്തിയെടുക്കാൻ ആവശ്യമായ മീഡിയവും കർഷകർക്ക് ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു. ഓർഗാനിക് പാക്കേജ് പബ്ലിഷ് ചെയ്യുന്നതിന് വേണ്ട നടപടി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പുരോഗമിച്ച് വരുന്നു. ജൈവ ഉല്പന്നങ്ങൾക്ക് പ്രത്യേക ബ്രാൻഡിംഗ് നടത്തി വിപണിയിലിറക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്.

A) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം ജൈവ തോട്ടങ്ങൾക്ക് NPOP സർട്ടിഫിക്കേഷൻ, ഉത്തമ കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പരിശീലനം, ഉല്പാദനോപാധികൾക്കുള്ള സഹായം, വിപണനത്തിനുള്ള സഹായം എന്നിവ നൽകി വരുന്നു.

B) ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP)

കർഷകർക്ക് എക്സ്പോഷർ വിസിറ്റ്, കപ്പാസിറ്റി ബിൽഡിംഗ്, പരിശീലനം, കിസാൻ മേള പോലുള്ള ജൈവ കൃഷി പ്രോത്സാഹന പ്രചരണ പരിപാടികൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് വേണ്ടി ബ്ലോക്കുകളും, അതാത്

| | | | |
|---|---|---|---|
| | | | പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിന് പ്ലോട്ടുകളും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. പ്രസ്തുത പദ്ധതിയിലെ ഗ്രൂപ്പുകൾക്ക് കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൂന്നാം വർഷം കർഷകർക്ക് അവരുടെ ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വേണ്ടി കർഷകർ അംഗങ്ങളായ ഗ്രൂപ്പുകൾക്ക് PGS India Organic സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ കർഷകരെ ജൈവ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളാണ്.<br><br>C) നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF)<br><br>രണ്ട് വർഷം തുടർച്ചയായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 14 ജില്ലകളിലായി 50 ഹെക്ടർ വീതം വിസ്തൃതിയുള്ള 102 ക്ലസ്റ്ററുകൾ തിരഞ്ഞെടുത്തു. കൂടാതെ പ്രകൃതി കൃഷിക്കായുള്ള ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട BRC (Bio-Input Resource Centre) - കൾക്ക് അധിക ധനസഹായം നൽകുന്നതിനും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. 909.46 ലക്ഷം രൂപയാണ് പദ്ധതി നടപ്പിലാക്കുന്നതിന് വകയിരുത്തുന്നത്. |
| (ബി) | ജൈവ കൃഷി വ്യാപകമാക്കേണ്ടതിന്റെ ആവശ്യകത സ്കൂൾ തലം മുതൽ പഠിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ജൈവ കൃഷി വ്യാപകമാക്കേണ്ടതിന്റെ ആവശ്യകത സ്കൂൾ തലം മുതൽ പഠിപ്പിക്കുകയും അവബോധം സൃഷ്ടിക്കേണ്ടതുമുണ്ട്. ഇതിനായി ജൈവ കൃഷിയുടെ ആവശ്യകത വിദ്യാർത്ഥികൾ മനസിലാക്കുന്നതിന് വേണ്ടി കൃഷി വകുപ്പിന്റെ പച്ചക്കറി വികസനം, ജനകീയ ആസൂത്രണം പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തിയും സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകളും, പരിശീലന പരിപാടികളും, ലീഫ് ലെറ്റ് വിതരണവും കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുണ്ട്.<br><br>സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് കുട്ടി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് കാർഷിക പ്രവർത്തനങ്ങളിൽ കുട്ടികളെക്കൂടി പങ്കെടുപ്പിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. സ്കൂളുകളിൽ പച്ചക്കറി തൈകൾ, വിത്തുകൾ ഫലവൃക്ഷ തൈകൾ, ജൈവ ഉല്പാദനോപാധികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ളവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ